# പ്യൂപ്പ





## എ എസ് എം എം എച്ച് എസ് എസ്

## ആലത്തൂർ

# ഉള്ളടക്കം

## ഉള്ളടക്കം


....................................................................................................................................4
നവകേരളം........................................................................................................................9
കൃഷിക്കാരനും വളർത്തു മൃഗങ്ങളും.......................................................................17
എന്റെ ഗുരുനാഥൻ എന്റെ അറിവിന്റെ സംരക്ഷകൻ...........................................20
*പ്രഭാതം..........................................................................................................................21*
മടിയൻ കഴുത.................................................................................................................24



# സന്ദേശം

- ലക്ഷ്യ സ്ഥാനത്ത് എത്തിയാലും ശരി
മദ്ധ്യേ മരണം വിഴുങ്ങിയാലും ശരി
മുന്നോട്ടുള്ള വഴികളിലെ
മുള്ളുകളെല്ലാം ചവിട്ടിമെതിച്ചിടും ഞാൻ -

"എന്ന വള്ളത്തോൾ വരികളെ" അന്വർത്ഥമാക്കിക്കൊണ്ട്
നവസംസ്കാര ശൈലികൾക്ക് രൂപം നൽകാൻ
യത്നിക്കുന്ന നമ്മുടെ "കുട്ടിപട്ടങ്ങൾക്കും"
പ്യൂപ്പയ്ക്കും എല്ലാവിധ ഭാവുകങ്ങളും-

*ജയശ്രീ . എം*
ഹെഡ്മിസ്ട്രസ്സ്.

# എ.എസ്.എം.എം ന്റെ ചരിത്രത്തിലൂടെ ലിറ്റിൽ കൈറ്റ്സ്

1906 ൽ ആരംഭിച്ച നെല്ലിക്കലിടം ഹൈസ്കൂൾ പിന്നീട് എ.എസ്.എം.എം.ഹൈസ്കൂളും എ.എസ്.എം.എം ഹൈയ്യർസെക്കറ്ററിയുമായി വളർന്നു.കൂട്ടത്തിൽ ആരംഭിച്ച ടി.ടി.സി സ്കൂളിന്റെ തിലകക്കുറിയായി.'വിദ്യാഭ്യാസം ഒരു നഷ്ടകച്ചവടമായിരുന്നു. നെല്ലിക്കലിടം ഹൈസ്കൂൾ ലേലത്തിനു വെച്ചപ്പോൾ ധനാഢ്യാരും,വ്യവസായ പ്രമുഖരും പ്രമാണിമാരുമെല്ലാം മടിച്ചും,സ്ഥാപിത താൽപര്യം വെച്ച് ചുളുവിൽ സ്ഥലം തട്ടിയെടുക്കുന്ന നേരത്ത് സാമൂഹ്യപ്രവർത്തനം കൊണ്ടും അത്യധ്വാനം കൊണ്ടും ബീഡി പ്രവർത്തനത്തിന്റെ ഔന്ന്യത്തിലെത്തിയ സായ്വ് എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ശ്രീ.എ.എസ് മുഹമ്മദ്കുട്ടി സാഹിബ് രംഗപ്രവേശനം ചെയ്യുന്നത്.

വിദ്യാഭ്യാസ സ്ഥാപനം നടത്താൻ ബീഡിവ്യവസായിയായ മുഹമ്മദ്കുട്ടിക്ക് എന്താണ് യോഗ്യത? എന്ന ചോദ്യത്തിന് എൻ.ഇ.ഹൈസ്കൂളിലെ റിട്ടയേർഡ് അധ്യാപകൻ വിദ്വാൻ വി.എൻ.പരമേശ്വരൻ

നമ്പൂതിരി പറഞ്ഞ മറുപടിയാണ് ഇത്തരുണത്തിലെനിക്ക് ഓർമ്മവരുന്നത്

"കാര്യശേഷിയറ്റ് ദുർനടപടിക്കാരെന്ന ടൈറ്റിലും നേടി ജീവിതത്തിലേക്ക് കടന്നുവരുന്നതാണ് വിദ്യാഭ്യാസമെങ്കിൽ മുഹമ്മദ്കുട്ടി സാഹിബിന് വിദ്യാഭ്യാസം തീരെയില്ലെന്ന് സമ്മതിക്കാം. നേരമറിച്ച്, വകതിരുവോടുകൂടി ഓരോ കാര്യവും ചെയ്തും ചെയ്യിച്ചും ജീവിതം വിജയപ്രദമാക്കിതീർത്തും നാടിനും വീട്ടിനും നേട്ടമുണ്ടാക്കുന്നതാണ് വിദ്യാഭ്യാസമെങ്കിൽ സകല എം.എ.കളും പാസായ ഒരുവൻ പോലും അദ്ദേഹത്തിന് സമാനനായി വരുന്നതല്ല. അദ്ദേഹം എപ്പോഴും പറയുമായിരുന്നു. 'കുട്ടിക്കാലത്ത് എനിക്ക് പഠിക്കുവാൻ കഴിഞ്ഞിരുന്നില്ല.എങ്കിലും വിദ്യാഭ്യാസത്തിന്റെ വില എനിക്കറിയാം.! അതുകൊണ്ട് എന്റെ കമ്പിനിയുടെ മുന്നിലുള്ള വിശിഷ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളെ അങ്ങിനെയും ഇങ്ങിനെയും നശിപ്പിച്ചുകളയുവാൻ ഞാനനുവദിക്കുകയില്ല. എന്തു വിലകൊടുത്തും ഞാനതു സംരക്ഷിക്കുന്നതാണ്."ഈ വാക്കുകളിൽ നമുക്ക് കാണാൻ കഴിയുന്നത് അദ്ദേഹത്തിന്റെ സാമൂഹിക പ്രതിബദ്ധതയും  വിശാലമനസ്കതയുമാണ്.

അദ്ദേഹത്തിന്റെ ഇത്തരം വാക്കുകൾ ഇന്നത്തെ കുട്ടികൾക്ക് അറിവുണ്ടായിരുന്നില്ല. എങ്കിലും ഈ

സന്ദർഭത്തിൽ  കൈറ്റ്സ് ഈ വരികളെ ആവർത്തിക്കുന്നു.

വിദ്യാർഥികളുടേയും അദ്ധ്യാപകരുടേയും കൂട്ടായ പരിശ്രമത്തിലൂടെ എസ്.എസ്.എൽ.സി വിജയം , എൻ.സി.സി പ്രവർത്തനം ,കലാമത്സരങ്ങൾ,എന്നീ നിലകളിലും മികവ് തെളിയിച്ചു. അതിനുദാഹരണമായ എൻ. സി.സിയുടെ സാമൂഹ്യ പ്രവർത്തനങ്ങൾഏവർക്കും മാതൃകയാക്കാം.

## എൻ സി സി യുണിററ്







2018/9/7 12:32







# നവകേരളം



പരശുരാമൻ മഴുവെറിഞ്ഞ്
പണിതതാണീ കേരളം
പ്രപഞ്ചനാഥൻ പ്രാണനായ്
കരുതിയെൻെറ കേരളം
പ്രളയം വന്ന് കവർന്നെടുത്തു
കടലിലാഴ്ത്തി കേരളം
കടലിൽ മക്കൾ തുഴയെറിഞ്ഞ്
പിടിച്ചുയർത്തി കേരളത്തെ
തകർത്തെറിഞ്ഞ പ്രളയമേ
തകർന്നിട്ടില്ല കേരളം
തളിരിടും കിനാക്കൾപ്പോൽ
തളിർത്തിടും പുതുനാമ്പുകൾ
ജാതിയില്ല മതവുമില്ല
പ്രായഭേദം ഒട്ടുമില്ല
പണ്ഡിതനൊ പാമരനോ
പ്രമാണിയെന്നോ ഓർത്തിടില്ല
കൈളില്ല കാലുമില്ല
കൺകളില്ലയെകിലും
ശില്പിയായി തീർന്നിടും
ഞങ്ങൾ ഒരോരുത്തരും
പതുമയോടെ പുനർസ്രിഷഠിച്ചിടും പുതുപ്രതീക്ക്ഷതൻ നവകേരളം

*അജ്മൽ നവാസ്*
*9 എച്ച്*

# പ്രളയത്തിലേക്ക് കൈറ്റ്സിന്റെ തിരിഞ്ഞുനോട്ടം

ഈയിടെ നടന്ന പ്രളയം നിങ്ങൾക്കേവർക്കും അറിവുണ്ടാകുമല്ലോ? മനോഹരമായ ഭൂപ്രകൃതി,സുഖകരമായ കാലാവസ്ഥ ,സമാധാനപരമായ അന്തരീക്ഷം ഇവയെല്ലാം ഒത്തിണങ്ങിയ നാടായിരുന്നു കേരളം.പ്രകൃതി ദുരന്തങ്ങളിൽ മറ്റുരാജ്യങ്ങൾ ,സംസ്ഥാനങ്ങൾ എന്നിവയിൽ നിന്നെല്ലാം അന്യമായ പ്രദേശമായിരുന്നു ദൈവത്തിന്റെ സ്വന്തം നാട്.കേരളിയർക്ക് കേട്ടറിവ് മാത്രമായിരുന്ന പ്രകൃതി ദുരന്തങ്ങൾ ഇന്ന് സുപരിചിതമായിരിക്കുന്നു.99-ലെ വെള്ളപ്പൊക്കം മൂലം കേരളത്തിലെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി.1341-ലെ ദുരന്തം കൊടുങ്ങല്ലൂർ തുറമുഖം നശിക്കുകയും കൊച്ചി തുറമുഖം രൂപപ്പെടുകയും ചെയ്തു.2004 സുനാമി 170 കേരളിയരുടെ ജീവനെടുത്തു.2017 ലെ ഓഖി തുടങ്ങി നിരവധി

ചുഴലിക്കാറ്റുകൾ.ഇതിനെല്ലാം പുറമെ നാം അനുഭവിച്ച ആ വലിയപ്രളയംനിരവധിജനങ്ങളുടെജീവനെടുത്തു .വൻനാശനഷ്ടം,സമ്പത്ത് ,എന്നീ എല്ലാ നിലകളിലും പ്രളയദുരന്തമുഖത്ത് പ്രായമഭേദമന്യേ എല്ലാവരും ഒറ്റപ്പെട്ടു.ഇതെല്ലാം നമുക്കുദാഹാരണങ്ങളാണ്. ഇതിനെല്ലാം മുഖ്യ പങ്കുവഹിക്കുന്നത് മനുഷ്യർ പ്രകൃതിയോടുചെയ്യുന്ന ക്രൂരതകളാണതിനടിസ്ഥാനം.2018 ആഗസ്റ്റ് 20 വരെ 2387.81 മി.മി മഴയാണ് കേരളത്തിൽ പെയ്തിറങ്ങിയത്.35 അണക്കെട്ട് തുറന്നു വിട്ടു. 10 ലക്ഷം പേർ അഭയാർത്ഥി ക്യമ്പുകളിലേക്ക് താമസം മാറി.4000 കോടി രുപയുടെ നാശനഷ്ടം സംഭവിച്ചു.ഇതിനെല്ലാം കാരണം മനുഷ്യപ്രവർത്തിയാണ്.വെള്ളത്തിനെതടഞ്ഞുനിർത്താനുള്ള കഴിവുള്ളമരങ്ങളും,മലകളുമാണുള്ളത്.ഇവയെ നശിപ്പിക്കുന്നത് നമുക്ക് അത്യാപത്തുണ്ടാക്കും.വീടും മറ്റ് ബിൽഡിങ്ങുകൾക്കുമായി മലകൾ ഇടിക്കുന്നത് നമുക്ക്

അപത്തുണ്ടാകും. വീടും മറ്റു ബിൽഡിങ്ങുകൾക്കുമായി മലകൾ ഇടിച്ചു നിരത്തി. ഇതു പോലെയുള്ള പ്രവർത്തനം വ്യാപകമായ സമയത്താണ് മനുഷ്യനെതിരെ തിരിച്ചടിച്ചത്. ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാം മനുഷ്യരാണ് പ്രകൃതിയെ ബുദ്ധിമുട്ടിക്കുന്നത്. കൈറ്റ്സിന്റെ ഈ മാഗസിനിലൂടെ ഇത് വായിക്കുന്നവർക്ക് ഇതൊരു സന്ദേശമായി മാറുന്നു. ഇനിയെങ്കിലും പ്രകൃതി നശീകരണം ഒഴിവാക്കു. ഈ തലമുറയ്ക്കും വരും തലമുറയ്ക്കും സുരക്ഷിതമായ നാളേക്കുവേണ്ടി...

*ആഷിഫ*

*9 എച്ച്*

# കൈററ് അംഗങ്ങൾ





# പ്രളയ ചിത്രങ്ങൾ

സുബിൻ 9- ജി





# മുന്തിരിക്കള്ളൻ

ഒരിക്കൽ ഒരു കുഞ്ഞു കാട്ടിലാണ് കുറുക്കൻെറ വീട് .അവൻ എപ്പോഴും കാട്ടിലൂടെ നടന്നു പോകുമ്പോൾ അവനെന്നും കാണും കരടിച്ചൻെറ വീട് .ആ വീട്ടിൻെറ അടുത്ത് ഒരു മുന്തിരി മരമുണ്ട്. ആ മരത്തിൽ കുറയേ കുലകളായി കുറേ മുന്തിരികളുണ്ട്. അവൻ എന്നും ആ മുന്തിരിക്കുലകളേ നോക്കിനാവിൽവെള്ളമൂറുംഎന്നുംഅവനതുവലിക്കാനും ശ്രമിക്കും. പക്ഷേ അവൻ ചെറുതായതുകൊണ്ട് അവനതുവലിക്കുവാൻ പറ്റുകയില്ല.അവൻഎന്നത്തേതുപോലെവലിക്കുവാൻശ്രമിക്കുകയായിരു ന്നു. അപ്പോഴാണ് കുറുക്കച്ചൻ വലിക്കുമ്പോൾ കരടിയച്ചൻ ആരാണവിടെ എന്ന് ചോദിച്ചു? അയ്യോ കരടിയച്ചൻ എന്നെ കണ്ടുവെന്ന് കുറുക്കൻ മനസ്സിലാക്കിയത്. എന്താടാ കുറുക്കച്ചാ ഇവിടെ കാര്യം? അയ്യോ ഞാൻ മുന്തിരി വലിക്കുവാൻ വന്നതാണ്. അതിന് നിനക്ക് എന്നോട് ചോദിച്ചാൽ പോരേ. എനിക്ക് പേടിയാണ് കരടിയച്ചനെ നീ എന്തിനാണ് എന്നെ പേടിക്കുന്നത്. നീ എന്നെ പേടിക്കേണ്ട ഒരു കാര്യവും ഇല്ല. ഞാൻ നിനക്ക് ഒരു മൂന്ന് കുല വലിച്ചു തരാം. ഇതു കേട്ട് കരടിയച്ചൻെറ ഭാര്യ പുറത്തേക്ക് വന്നു. എന്തിനാ അവന്കുല വലിച്ചു കൊടുക്കുന്നത്.

അവൻവികൃതിക്കാരനാണെല്ലോ നീ മിണ്ടാതിരിക്ക് അവൻ കുഞ്ഞാണ് അവൻ ആശിച്ചെതെല്ലാം കൊടുക്കണം. കുറുക്കച്ചന്ന് ഇത് കേട്ടപ്പോൾ വളരേ സന്തോഷമായി. മൂന്നു കുലയുമായി വീട്ടിലേക്ക് അവൻ പോയി. ആ കുലയിലെ ഒരു മുന്തിരി അവൻ എടുത്തു.ഒരു കുല അച്ഛനും അമ്മക്കും കൊടുത്തു.പിന്നെ കുടുംബക്കാർക്കും

*അനാമിക . എം*

# ഉണ്ണിക്കണ്ണൻ

കണ്ണൻ കഥകളും കൊച്ചു കവിതയും
ഉരിയാട്ടു മെന്നു മെൻ മുത്തശ്ശിയും

ഉണ്ണിക്കണ്ണനതുമോടക്കുഴലിനാൽ
വിസ്മയ മാധുര്യം അമ്മയെന്നും

കണ്ണൻ സൗന്ദര്യം ശബ്ദമാധുര്യം
വാഴ്ത്തി പുകഴ്ത്തീ അച്ഛനെന്നും

ഉണ്ണിക്കണ്ണന്റെ കൊച്ചു കവിതകൾ
പാടി നടക്കുമെൻ ചേച്ചിയെന്നും

കണ്ണൻ വികൃതിയും കൊച്ചു കുസൃതിയും
എന്നും നിലനിൽപ്പു അനുകജനൊപ്പം.....

# കൃഷിക്കാരനും വളർത്തു മൃഗങ്ങളും

ഒരിടത്ത് ഒരു കൃഷിക്കാരൻ താമസിച്ചിരുന്നു ആ കൃഷിക്കാരന് നാല് പശുകളും എട്ട് ആടുകളും അഞ്ച് കോഴികളും ഒരു നായയും ഉണ്ടായിരുന്നു. ഒരു ദിവസം അയാൾ പശുകളേയും ആടുകളേയും മേയാൻ വിട്ടു. പശുകളും ആടുകളും മേഞ്ഞു മേഞ്ഞ് ഏതോ ഒരു കാട്ടിനുള്ളിലെത്തി. അപ്പോൾ അതു വഴിയേ വന്ന കുറുക്കൻ.അവരേ കണ്ടു. അപ്പോൾ കുറുക്കൻ അവരോട് ചോദിച്ചു "നിങ്ങൾ എവിടേ നിന്നാണ് വരുന്ന്. ഇതുവരേ ഇവിടെ  കണ്ടിട്ടിലല്ലോ"അപ്പോൾ അവർ പറഞ്ഞു "ഞങ്ങൾ ഇവിടെ വഴിതെറ്റി വന്നതാണ് ഞങ്ങൾക്ക് തിരിച്ചു പോകാനുള്ള വഴി അറിയില്ല " അപ്പോൾ കുറുക്കൻ പഞ്ഞു "എന്തെങ്കിലും വഴിയുണ്ടാകും ശരി ഞാൻ പോകുന്നു"അപ്പോൾ അവർ പറഞ്ഞു നമ്മുടെ ഉടമസ്ഥൻ നമ്മളെ തിരയുന്നുണ്ടാകും നമ്മൾ ഈ കാട്ടിനുള്ളിലാണ് എന്ന് നമ്മൾകല്ലേ അറിയു  .കുറേ നേരങ്ങൾക്ക ശേഷം ഒരു സിംഹം അതുവഴി വന്നു അപ്പോൾ അവർക്ക് വലാതെ പേടിയായി കാരണം സിംഹം അവരെ ഭക്ഷികുമോ എന്ന് ഭയമായിരുന്നു അവർക്ക് അതിനുശേഷം അവരോട് സിംഹം ചോതിച്ചു ആരാണ് ഞിങ്ങൾ എന്തിനാണ് ഇവിടെ വന്നത് .ഞങ്ങൾ ഇവിടെ വഴിതെറ്റി വന്നാണ് . ഞങ്ങൾക്ക് തിരിച്ചു പോകാൻ വഴിഅറിയില്ല . അപ്പോൾ സിംഹം പറഞ്ഞു ഞാൻ നിങ്ങളെ സഹായിക്കാം പക്ഷെ എനിക്ക്  നിങ്ങളുടെ വീട് അറിയില്ലല്ലോ ? .ഞങ്ങൾുടെ വീട് അങ്ങ് ദൂരെ ചെറിയ ഒരു ഗ്രാമത്തിലാണ് . ശരി ഞാൻ ഞിങ്ങളെ ഗ്രാമത്തിൽ കൊണ്ടാക്കാം വരു !... . വരു എന്റെ കുടെവരു . അപ്പോൾ സിംഹതോട് അവർ ചോദിച്ചു നമ്മൾ കുറേനേരമായി നടക്കുന്നു . എന്നിട്ടും ഗ്രാമം എത്തിയില്ലല്ലോ അപ്പോൾ സിംഹം പറഞ്ഞു കുറച്ചു കൂടെ നടന്നാൽ ഗ്രാമമെത്തും .അപ്പോൾ പശുകളും ആടുകളും സിംഹത്തോട്

ചോതിച്ച നിങ്ങൾ എന്തിനാണ് ഞിങ്ങൾ കാടുകളിൽ മാത്രം താമസിക്കുന്നത് ഗ്രാമത്തിലും കുറച്ച് കാലം താമസിച്ചൂടെ അപ്പോൾ സിംഹം പറഞ്ഞു ഇല്ല എനിക്ക് ഗ്രാമത്തിൽ താമസികാൻ കഴിയില കാരണം ഞാനാണ് കാട്ടിലെ രാജാവ്

പിന്നെ സിംഹം പറഞ്ഞു ദാ.......... ഗ്രാമതിൽ എത്തിപിച്ചത്തിന് വളരെ അധികം നങിയുണ്ട്

അതിനശേഷം അവർ അവരുടെ വീട്ടിൽ പോയി നടന്നതെലാം പറഞ്ഞു സന്തോഷത്തോടെ കഴിഞ്ഞു



# എന്റെ ഗുരുനാഥൻ എന്റെ അറിവിന്റെ സംരക്ഷകൻ

നിറമനസ്സോടെ
നിറ വർണ്ണങ്ങളാൽ
നിറ മിഴികൾക്ക് നിറം നൽകുന്ന
നിറ ദീപമേ
അറിവിന്റെ കലവകയിലെ
കാവൽ നാളമായ്
എന്റെ പാഠങ്ങളിലെ യാത്രയിൽ
എന്റെ വഴിയിൽ നീ പാലമായ്

എന്റെ യാത്രയിൽ സംരക്ഷകനായി
എന്നെ നേർവഴിയിലേക്ക്
നയിക്കുന്ന ഒരു ഗന്ധർവനെ
പോലെ നിന്റെ നന്മയുടെ
പ്രകാശം എന്റെ നന്മയുടെ
നിനവിനെ യാത്രചെയ്യിക്കുന്നു
എന്നിലെ സ്നേഹത്തെ നീ ഒരു
റോസാപ്പൂവായ് മാറ്റിടുന്നു

# പ്രഭാതം

*പുലരി വിരിഞ്ഞു*
പൂക്കൾ ചിരിച്ചു
കളകളമാറുകളുമൊഴുകി
പക്ഷികൾ മീനകൾ ചിത്ര ശലഭങ്ങൾ
ആർത്തുല്ലസിക്കും ഈ പ്രഭാതം
കുരുവികൾ തീറ്റ തേടാനായും ശലഭങ്ങൾ
തേൻ കുടിക്കുവാനും
കുട്ടികൾ പള്ളിക്കൂടത്തിലേക്കും
പോകുന്ന, പോകുന്ന ഈ പുലരിയിൽ
വീട്ടിൻ വിളക്കുകൾ ജോലിക്ക് പോകുവാനും
പോകുന്ന, പോകുന്ന ഈ പുലരിയിൽ

*നിഷില*
*6. ഡി*



# അച്ഛന്റെ കുപ്പിവളകൾ

വീടിന്റെ പടിപ്പുര കടന്നുപോകുന്ന അച്ഛന്റെ മുഖം ആ പിഞ്ചുമനസ്സിൽ ഓടിയെത്തുന്നു. അച്ഛനാണ് അവൾ ക്കെല്ലാം. കുഞ്ഞു നാളിലേ അമ്മ മരിച്ചു. അവൾക്ക് അച്ഛൻ വെറുമൊരു പിതാവു മാത്രമല്ല, ദൈവവും , ഗുരുനാഥും, അമ്മും എല്ലാനമാണ്. അച്ഛന്റെ പോക്ക് ഓർത്തുകയാണ് ആ പെൺകുട്ടി. തെക്കിനിയിൽ കളിച്ചുറകാണ്ടിരിക്കുന്ന അവളെ വിളിച്ചുവരുത്തി അച്ഛൻ പറഞ്ഞു. "അച്ഛൻ ടൗൺ വരെ പോവുന്നു.

കുസൃതിറയാന്നും കാണിക്കാതെ മോളി. വിടെ ഇരിക്കണം .അച്ഛൻ വരുമ്പോൾ മോൾക്ക് പുതിയ കുപ്പിവളകൾ വാങ്ങിവരാം''. ഈ സുന്ദരവാഗ്ദാനം നൽകുമ്പോൾ ആ അച്ഛൻ അറിഞ്ഞിരുന്നില്ല, മരണം തനിക്ക് ചിതറയാരുക്കിയിരിക്കുന്നതും, തന്റെ മോൾ അനാഥയാകുന്നതും.

പടിപ്പുര കടന്നുവരുന്ന അച്ഛന്റെ മുഖം അവൾ മനസ്സിൽ ഓർത്തു. പുതിയ കുപ്പിവള വാങ്ങിവരുന്ന അച്ഛൻ, എന്താവും കുപ്പിവളയുടെ നിറം? ചുവപ്പായിരിക്കു.ഒരു നൻപുഞ്ചിരി ആ ചുണ്ടിൽ വിരിഞ്ഞു. നേരം സന്ധ്യയായിരിക്കുന്നു. ടൗണിലേക്കുപോയ അച്ഛനെ കാണാൻ കാണാതെ ആ പിഞ്ചുമനസ്സ് പിടഞ്ഞു. പടിപ്പുരയിൽ കാത്തുനിന്ന അവൾ റോട്ടിലേക്ക് ഓടി. കുറേ ദൂരം ചെന്നപ്പോൾ റോഡിനരികിൽ ഒരു ആൾക്കൂട്ടം. വെറുതെയെങ്കിലും അവൾ അങ്ങോട്ടോടി. അതാ ചോരയിൽ കുളിച്ച ഒരു ശവശരീരം! അതെ ഇതു തന്റെ അച്ഛൻ തന്നെ. അവളുടെ കണ്ണുകളിൽ നിന്ന് ഒരു നദി പ്രവാഹം തന്നെ ഉണ്ടായി. കൂടിനിന്നവരിൽ ഒരാൾ പറഞ്ഞു " പാവം കുട്ടി. ഈ കുട്ടിക്കിനി ആരുണ്ട്? അവൾ അച്ഛന്റെ കവിളിൽ അവസാന ചുംബനവും നൽകി. പെട്ടെന്നാണ് അവൾ അതു കണ്ടത്. കണ്ണീർ തുടച്ച് അവളത് ഉറ്റുനോക്കി. ചോരയിൽ പൂണ്ടുകിടക്കുന്ന ഒരു പൊതി. അവൾ അതു തുറന്നുനോക്കി. രക്തക്കറയിൽ പുരണ്ട ഒരു പെട്ടി. അതിൽ കുപ്പിവള. അവളുടെ കണ്ണുകളിൽ വീണ്ടും അശ്രു പൊഴിയാൻ തുടങ്ങി. തന്റെമോഹംനിറവേറ്റിയിട്ട് തന്റെ എല്ലാമായ അച്ഛൻ വിടചൊല്ലി.

ഉറ്റവരോ,ഉടയവരോ ഇല്ലാത്ത ആ പെൺകുട്ടി ആർക്കുവേണ്ടി വേദനയും ദുരിതവും നിറഞ്ഞ ജീവിതം നയിച്ചു! ദൈവം തന്റെ കൂടെയുണ്ടെന്ന ശുഭാപ്തിവിശ്വാസം അവളെ മുന്നോട്ടു നയിച്ചു. എന്നാലും അവളുടെ അച്ഛന്റെ

അവസാനയാത്ര ഇന്നും അവൾ മനസ്സിന്റെ കോണിൽ ഉണങ്ങാത്ത മുറിവായ് സൂക്ഷിക്കുന്നു. ചിറകറ്റകിനാവുകളുമായി അവൾ മനസ്സിലെ കിനാവുകളുമായി അവൾ ജീവിക്കുന്നു...അച്ഛന്റെ ആ കുപ്പിവളകളുമായ്...........



*സൻഫിയ*

*X എച്ച്*

# മടിയൻ കഴുത

ഒരു ഗ്രാമത്തിൽ ഒരു കൃഷിക്കാരൻ താമസിച്ചിരുന്നു. അയാൾക്ക് ഒരു കഴുതയുണ്ട്. ആ കഴുത നല്ല മടിയനാണ്. ഒരു ദിവസം കൃഷിക്കാരൻ പട്ടണത്തിൽ പോകുമ്പോൾ കഴുതയുടെ പുറത്ത് പഞ്ചസാര ചാക്ക് വെച്ചു കൊടുത്തു .

പട്ടണത്തിലേക്ക് പോകുന്നതിനിടയിൽ ഒരു പുഴയുണ്ട്.കഴുത അതിൽ കാൽ തെന്നി വീണു.പഞ്ചസാര അലിഞ്ഞു അതു കാരണം ഭാരം കുറഞ്ഞു .അത് എല്ലാ ദിവസവും ആവർത്തിച്ചു.ഇത് കഴുതയുടെ വേലയാണെന്ന് കൃഷിക്കാരന് മനസ്സിലായി.അയാൾ ഒരു ദിവസം പഞ്ഞി ചാക്കിലാക്കി എന്നിട്ട് കഴുതയുടെ പുറത്ത് വച്ചു കൊടുത്തു എപ്പോഴുമുള്ള വേല കഴുത ആവർത്തിച്ചു.പഞ്ഞിയിൽ വെള്ളം നിറഞ്ഞു എന്നിട്ടും കഴുത അവിടെ തന്നെ കുറേ നേരം കിടന്നു എന്നിട്ട് കഴുതക്ക് എഴുന്നേൽക്കാൻ കഴിയാതായി .കഴുത പ്രയാസ്യപ്പെട്ട് കഷ്ടതയോടെ നടന്ന് നടന്ന് പട്ടണത്തിലെത്തി.

**ഗുണപാഠം:-മടിയൻ മലചുമക്കും.....**



*അർച്ചന. ആർ*
*5- ഡി*

# നമ്മുടെ നാട് മനോഹര നാട്

കേരള ഭൂമി മനോഹര ഭ്രമി
കാടും വയലും തോടുകളും
പുഴകളുമുളളൊരു മലനാട്
നമ്മുടെ നാടിൻ ഭംഗി പകർന്ന്
നിരന്ന നിൽക്കും തെങ്ങുകളും
പാടം മുഴുവൻ പുൽമേടാക്കി
ഉണ്ടേ കൊച്ചു വരമ്പുകളും
പല നിറമായൊരു ചിറകുകളും
ചേലേറുന്നൊരു പൂമ്പാറ്റകളും
പുതു നിറമാകിൻ പൂത്തുലയുന്നൊരു
പൂമേടകളും ഇവിടുണ്ടേ
കേരള ഭ്രമി മനോഹര ഭ്രമി



*ദീപിക . ജി*
*5 ഡി*

# അ + മ്മ = അമ്മ

സ്നേഹത്തിന് ഉറവിടം അമ്മ
പാലൂട്ടിവളർത്തിയ പ്രായമുള്ളൊരെന്നമ്മ
കാലിടറിവീണാലോടിയെത്തുമെന്നമ്മ
വാരിയെടുത്ത് ഉമ്മകൾ നൽകുമമ്മ
സ്നേഹവാത്സല്യം നൽകുമമ്മ
അമ്മയാണെൻെറ എല്ലാം
അമ്മയിലെങ്കിൽ എന്റെ ജീവനില്ല
ഒരു ദിനം പോലുമില്ല
ഇഷട്മാണെനിക്കമ്മെയോടൊത്തു കൂടാൻ
എന്നിഷ്ട്ങ്ങൾ തന്നിഷ്ട്ങ്ങളാകുമമ്മ

# ദുരന്ത പേമാരി

കേരങ്ങളുടെ നാട് ഇന്ന് മഴയുടെ വീട്
ആനന്ദം മായ്ഞ്ഞു എങ്ങും ദുഃഖങ്ങൾ മിച്ചം

മനുഷ്യനൊന്ന ഹങ്കരിച്ച മഴയോ
പ്രതികാരവും ചെയ്തു

മനുഷനൊന്നഹങ്കരിച്ച മഴയൊ
പ്രതികാരവും ചെയ്തു

അവസാന നിമിഷം എല്ലാരും ഓടുന്ന
"അല്ലയൊ മഴയേ അറിഞ്ഞിരുന്നില്ല-
ഞാൻ.....ഞങ്ങളെക്കാൾ കരുത്ത്
നിന്റെ ഈമഴത്തുള്ളിക്കാന്ന് ........

അന്ന പുഛര്ചിച്ചവർ ഇന്ന തുണയായി
അഭിവാദ്യം മത്സ്യത്തൊഴിലാളികൾക്ക്.......

# ജീവിതം

ജീവിത മെന്നൊരു കടലാസു
വഞ്ചിയിൽ നീറി പുണഞ്ഞു
കയറവേ നാം......
തിരയും മഴയും കാറ്റും താങ്ങി
ഒഴുകിയങ്ങക്കരെയെത്തി
എന്നാൽ, ധീരനായ് വന്ന കാറ്റും ദൂരെ
കടലിൽ, താഴ്ത്തി മെതിച്ച പോയ്ക്കളഞ്ഞു



*നിഷില*
*6- ഡി*

# കണ്ണീർ പാടം

കൊയ്ത്ത് മാനത്ത് നീ കൊയ്ത്തി
നിറങ്ങിയ നേരത്താണ് ഭ്രമിയിൽ
പ്രളയമുണ്ടായത്
കവിത പെയ്ത്ത് മേഘങ്ങൾ അലറാൻതുടങ്ങിയത്
ആകാശത്തിന്റെ നിലവിളി പാതാളത്തോളം
താഴ്ന്ന്ത്.പ്രണയം മാത്രം കൊതിച്ച
ജീവിച്ച കണ്ണുകളിൽ ഇരുട്ടു കത്തിയത്

*ഒരു തുള്ളി സ്നേഹത്തിനുവേണ്ടി നാട്ടു*

# കായികം





3:39

tps://mobile.twitter.com/H

Search Twitter

Log in

Sign up

Tweets | Tweets & replies | Media | Likes


**National Cadet Corps** @HQ_DG_N... · 1h

'CLEANLINESS IS NEXT TO GODLINESS '
#NCC Cadets of ASMM Higher Sec School Alathur under 27 Kerala Bn NCC cleaned Statue of Mahatma Gandhiji and painted it as part of #SwachhataHiSeva campaign.
@SpokespersonMoD @PIB_India
@DrSubhashMoS @narendramodi @republic





9

# കല







# മെഗാ തിരുവാതിര




ആലത്തൂർ എ.എസ്.എം.എം. ഹയർസെക്കൻഡറി സ്കൂളിൽ കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് 101 അധ്യാപകരും വിദ്യാർഥിനികളും അണിനിരന്ന തിരുവാതിരക്കളി

# കുട്ടിക്കൂട്ടം




A.S.MOHAMMED KUTTY MEMORIAL
HIGHER SECONDARY SCHOOL
AND TEACHERS TRAINING INSTITUTE